ഉത്തരം

(എ)	അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	-	1 ഒഴിവ്
	സീനിയർ സൂപ്രണ്ട്	-	71 ഒഴിവുകൾ
	ഡിവിഷണൽ അക്കൗണ്ടന്റ്	-	58 ഒഴിവുകൾ

(ബി) നടപടി സ്വീകരിച്ചുവരുന്നു.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

204 (1168) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടിയും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) കെ.എസ്.ഇ.ബി. കമ്പനിയാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) കെ.എസ്.ഇ.ബി.യിൽ വൈദ്യുതി ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലയിൽ ഉദ്ദേശിച്ച ബഡ്ജറ്റ് തുക എത്ര ; ഈ സർക്കാർ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(ഡി) വൈദ്യുത ഊർജ്ജ സുരക്ഷാപദ്ധതികൾക്ക് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിന് ഓരോ വർഷവും ചെലവഴിച്ച തുക പട്ടിക തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) ജല-താപവൈദ്യുത പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(എഫ്) ആധുനികവൽക്കരണവുമായി ബന്ധപ്പെട്ടും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിലും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ജി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(എച്ച്) കെ.എസ്.ഇ.ബി.യുടെ മെറ്റീരിയൽ പർച്ചേസിൽ ഗുണമേന്മയുള്ള സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly